## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6339     20.11.2019-ൽ മറുപടിയ്ക്ക്**

### എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കായി പ്രത്യേക ട്രെയിനിംഗ്

| ചോദ്യം<br>ശ്രീ.പി.സി.ജോർജ് | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| (എ) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കായി ഈ സർക്കാർ ഏതൊക്കെ വിഷയങ്ങളിൽ പ്രത്യേക ട്രെയിനിംഗ് നൽകി; വിശദമാക്കാമോ; | (എ) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കായി കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനങ്ങൾ നൽകി വരുന്നു. അബ്കാരി ആക്ട്, എൻ.ഡി.പി.എസ് ആക്ട്, ഐ.റ്റി ആക്ട്, ഫോറസ്റ്റ് ആക്ട്, മോട്ടോർ വെഹിക്കിൾ ആക്ട്, ദി സിഗരറ്റ്സ് ആന്റ് അദർ ടുബാക്കോ പ്രൊഡക്ട്സ് ആക്ട്, സർവ്വീസ് റൂൾസ്, വിവരാവകാശ നിയമം, വ്യക്തിത്വ വികസനം, കമ്മ്യൂണിക്കേഷൻ സ്കിൽ, ഇന്ത്യൻ ശിക്ഷാ നിയമം, ക്രിമിനൽ നടപടി ക്രമം എന്നീ വിഷയങ്ങളിലും പ്രത്യേക പരിശീലനം നൽകി വരുന്നു. ഡ്രഗ് ലോ എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട് എൻ.സി.ബി-യുമായി സഹകരിച്ച് UNODC-യുടെ E-Learning പരിശീലനം, പിസ്റ്റൾ/റിവോൾവർ പരിശീലനം എന്നിവയും നൽകി വരുന്നു. |
| (ബി) പ്രസ്തുത വകുപ്പിന്റെ കീഴിൽ ലഹരി വിമുക്ത സംസ്ഥാനത്തിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി, വിശദമാക്കാമോ? | (ബി) പാല ജനറൽ ആശുപത്രിയിൽ 10 കിടക്കകളുള്ള വിമുക്തി ഡി-അഡിക്ഷൻ സെന്റർ സ്ഥാപിച്ചു. ജില്ലകളിലെ 350 സ്കൂളുകളിലും 45 കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ സ്ഥാപിച്ചു. സ്കൂൾ/കോളേജ് തലങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. പിന്നോക്ക മേഖലകളിലെ ജനങ്ങൾക്കു വേണ്ടി ലഹരി വിമുക്ത മെഡിക്കൽ ക്യാമ്പുകൾ, ആദിവാസിമേഖലയിൽ/ കോളനികളിൽ സന്ദർശിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ |

ലഹരി വിരുദ്ധ സന്ദേശം പ്രമേയമായുള്ള നിരവധി കലാ-കായിക സാംസ്കാരിക പരിപാടികൾ എന്നിവ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ